(6 pages)

DECEMBER 2023 **U/ID 30728/ULD1A**

Time : Three hours Maximum : 75 marks

PART A — ($10 \times 2 = 20$ marks)

30 വാക്കിൽ കവിയാതെ പത്തെണ്ണത്തിന് ഉത്തരമെഴുതുക.

1. അപ്പുണ്ണി മരിച്ചപോലെ നിന്നു. സംഭ്രമ മടങ്ങിയപ്പോൾ കൊല്ലാനുള്ള പകയോടെ ശങ്കരൻ നായരെ ഒന്നുനോക്കി - സന്ദർഭമെഴുതുക.

2. എനിക്ക് നാലുകെട്ടും നെല്ലിന് പത്തായവും ഇല്യ. എന്നാലും ഞാനൊരു ആണാണ് - ആരുടെ വാക്കുകൾ? സന്ദർഭമേത്?

3. ഇവടെ കാര്യം പറയാൻ ഒര്ത്തനുണ്ടല്ലോ. അവൻ തരട്ടടീ നെല്ല് - വലിയമ്മാമ ഇങ്ങനെ പ്രതികരിക്കുന്ന സന്ദർഭമേത്? കാരണമെന്ത്?

4. മീനാക്ഷിയേടത്തി എന്നൊരാൾ വീട്ടിനകത്തുണ്ടെന്ന് അധികമാരും അറിയില്ല - ഈ പ്രസ്താവനയ്ക്കുശേഷം അവരെക്കുറിച്ചുള്ള വിവരണമെന്താണ്?

5. ചുമ്മാതേം മറ്റും പണോണ്ടാകുകേല്ല. ഞാൻ പറയുന്നതു കേക്കാവോ? നിങ്ങടെ മുട്ടൊക്കെ മാറും - സന്ദർഭമെഴുതുക.

6. ഇതു വേണ്ട സാറിനിതു നല്ല ഭംഗിയാ. വേറൊന്നു മേടിച്ചു തന്നാൽ മതി. കാശു തരാം - ഇങ്ങനെ പറയുന്നതെപ്പോൾ? വിശദമാക്കുക.

7. നിങ്ങളയലുവക്കക്കാരല്ലേ... ഇന്നു തന്നേ പറ - ചെറുപ്പക്കാരി കുട നന്നാക്കുന്ന ആളോട് എന്തിനെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്?

8. ഏതായാലും അടുത്ത വർഷത്തെ ഉത്സവം വരാൻ അവൻ കാത്തിരുന്നു - ആര്? എന്തുകൊണ്ട്?

9. "അതിന്റെ പേരാണ് അഹന്ത" എന്ന് അയാൾ ഒച്ചയടക്കി പറഞ്ഞു - സന്ദർഭമെഴുതുക.

10. ആ നാലു കാശുണ്ടായിരുന്നെങ്കിൽ ഒരു ബീഡി മേടിച്ചു വലിക്കാമായിരുന്നു - രാമൻപിള്ള വിചാരിക്കുന്ന നാലു കാശ് ഏത്? സന്ദർഭമെഴുതുക.

11. അപ്പുവിനിതൊക്കെ അറിയാമോ? അവർ അഭിനന്ദനരൂപത്തിലൊന്നു ചിരിച്ചു - സന്ദർഭമേത്? വിവരിക്കുക.

12. മോതിരത്തിൽ നോക്കിക്കൊണ്ടവർ പറഞ്ഞു "എനിക്കു പാകമാ" - ഏതു സന്ദർഭത്തിലാണ് ഇങ്ങനെ പറയുന്നത്?

PART B — ($5 \times 5 = 25$ marks)

അഞ്ചു ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോന്നും 200 വാക്കിൽ കവിയരുത്.

13. ഫ്യൂഡൽ വ്യവസ്ഥയിലെ ജീവിതങ്ങളിൽ നിന്നുള്ള മാറ്റം നാലുകെട്ടിൽ കാണാനാവുമോ? പരിശോധിക്കുക.

14. അപ്പുണ്ണിയും സെയ്താലിക്കുട്ടിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വിശദീകരിക്കുക.

15. രാമകൃഷ്ണൻമാസ്റ്ററെക്കുറിച്ച് നാലുകെട്ടിൽ പ്രസക്തമായ വിവരങ്ങൾ കാണാനാവും - അവതരിപ്പിക്കുക.

16. പാപ്പിയമ്മൂമ്മയോട് ഗോപാലനുണ്ടായ അടുപ്പത്തിനു കാരണമെന്ത്? വിശദീകരിക്കുക.

17. മനുഷ്യർ അനുഭവിക്കുന്ന കഷ്ടപ്പാടുകളാണ് കാരൂരിന്റെ വിഷയം - വിലയിരുത്തുക.

18. ഏഴുന്നള്ളത്തു ഡ്യൂട്ടിയിലെ പോലീസുകാരൻ തന്റെ ജീവിതത്തെക്കുറിച്ച് വിചാരിക്കുന്നതെന്തെല്ലാം? ഇത് തുറന്നുകാണിക്കുന്നതെന്ത്?

19. അന്തർജ്ജനവും അപ്പുവും തമ്മിലുള്ള ബന്ധം വിലയിരുത്തുക.

PART C — ($3 \times 10 = 30$ marks)

20. ഏതെങ്കിലും ഒരു ചോദ്യത്തിന് 500 വാക്കിൽ ഉപന്യാസം തയ്യാറാക്കുക. ($1 \times 5 = 5$)

(a) കുടുംബശ്രീയും സാമ്പത്തികസുരക്ഷിതത്വവും

(b) കമ്പ്യൂട്ടർ സാങ്കേതികവിദ്യയും വിദ്യാഭ്യാസവും

(c) വനവൽക്കരണവും കാലാവസ്ഥയും

21. തെറ്റു തിരുത്തുക : ($5 \times 1 = 5$)

(a) വിലബിക്കുക

(b) പ്രദാനമന്ത്രി

(c) ക്രിഷിക്കാരൻ

(d) ദാരിദ്രം

(e) അഞ്ജത

22. ആശയം വിപുലീകരിക്കുക : $(2 \times 2\frac{1}{2} = 5)$

(a) കള്ളനെ കാവലേൽപ്പിക്കുക

(b) കല്ലേൽ കടിച്ചാൽ പല്ലു തെറിക്കും

23. പരാവർത്തനം ചെയ്യുക : $(1 \times 5 = 5)$

ഒരുവേള പഴക്കമേറിയാ-
ലിരുളും മെല്ലെ വെളിച്ചമായി വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കയ്പുതാനുമേ

24. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക :

$(1 \times 10 = 10)$

Manipur is a state in Northeast India, with the city of Imphal as its capital. It is bounded by the Indian states of Nagaland to the north, Mizoram to the south and Assam to the west. The state covers an area of 22,327 square kilometres and has a population of almost 3 million, including the Meiteis, Nagas Kukis, Zomis and other smaller communities, who speak a variety of Sino-Tibetan languages. The word "Manipur" is made-up of two Sanskrit words Mani, which means jewel and Pura, which means

land/place/abode. Manipur is translated as "jewelled land". Manipur is mentioned in historic texts as Kangleipak or Meeteileipak. During the days of the British Indian Empire, the Kingdom of Manipur was one of the princely states. Between 1917 and 1939, some people of Manipur pressed the princely rulers for democracy. By the late 1930s, the princely state of Manipur negotiated with the British administration its preference to continue to be part of the Indian Empire, rather than part of Burma, which was being separated from India. On 11 August 1947, Maharaja Budhachandra signed an Instrument of Accession, joining India.

———————